പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 165 — 30/11/2015 - ൽ മറുപടിക്ക്

## തെരുവുനായ ശല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മോയിൻ കുട്ടി: | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| എ) സംസ്ഥാനത്ത് സാധാരണക്കാരായവർക്ക് ജീവന് ഭീഷണി ഉയർത്തുന്ന തെരുവുനായ്ക്കളെ കൊല്ലുന്നതിനെതിരെ കേന്ദ്രമൃഗസംരക്ഷണ ബോർഡ് സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; | എ) ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ, 23/09/2015-ൽ സംസ്ഥാനപോലീസ് മേധാവിക്ക് നൽകിയ കത്തിൽ അനധികൃതമായി നായ്ക്കളെ കൊല്ലുന്നതിന് പരസ്യം നൽകിയ ആൾക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 428,429 എന്നീ വകുപ്പുകൾ പ്രകാരവും, ജന്തുദ്രോഹ നിവാരണ നിയമം 1960 പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കണമെന്നും 30/06/2015 ൽ ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ അനധികൃതമായി നായ്ക്കളെ കൊല്ലുന്നത് നിലവിലെ ചട്ടങ്ങൾക്കും ബഹു.സുപ്രീംകോടതി വിധികൾക്കും എതിരാകയാൽ അത്തരം പ്രവർത്തികളിൽ നിന്നും വിട്ടു നിൽക്കണമെന്നും അറിയിച്ചിരുന്നു. |
| ബി) ഇതിൽ സംസ്ഥാന ജീവനക്കാർക്ക് ദോഷമായി ഭവിക്കുന്ന എന്തെല്ലാം നിർദ്ദേശങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) സംസ്ഥാന ജീവനക്കാർക്ക് ദോഷകരമായ ഭവിക്കുന്ന നിർദ്ദേശങ്ങൾ ഇല്ല. |
| സി) ഇതുസംബന്ധമായ സംസ്ഥാന ഗവൺമെന്റ് നയം ഉടൻ നടപ്പാക്കുമോ? | സി) മൃഗസംരക്ഷണ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി) നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ